(എഫ്) ഓപ്പൺ ടെണ്ടർ വിളിച്ച് മരുന്ന് വാങ്ങണമെന്ന് ഹൈക്കോടതി ആവശ്യപ്പെട്ടിരുന്നു. എന്നാൽ ആരോഗ്യവകുപ്പിൽ, പ്രാഥമികാരോഗ്യകേന്ദ്രം മുതൽ മെഡിക്കൽ കോളേജുകൾ വരെ ആവശ്യമുള്ള വ്യത്യസ്തങ്ങളായ 600-ഓളം ഫോർമുലേഷനുകളിലുള്ള മരുന്നുകളും മറ്റു സാധനങ്ങളും ഓപ്പൺ ടെണ്ടർ വിളിച്ച് വാങ്ങുന്നതിന്റെ പ്രായോഗിക ബുദ്ധിമുട്ടുകളും കേരളത്തിലെ സർക്കാർ നിയന്ത്രണത്തിലുള്ള മുഴുവൻ സ്ഥാപനങ്ങളിലേക്കുമുള്ള മരുന്നുകളുടേയും മറ്റ് അനുബന്ധ സാധനങ്ങളുടെയും ആവശ്യകതയിൽ വരുന്ന വ്യത്യാസങ്ങളും സി.പി.സി. 1964 മുതൽ തുടർന്ന് വരുന്ന റേറ്റ് കോൺട്രാക്ട് രീതിയുടെ മേന്മകളും ചൂണ്ടിക്കാട്ടി സർക്കാർ റിട്ട് അപ്പീൽ ഫയൽ ചെയ്യുകയുണ്ടായി. ബഹുമാനപ്പെട്ട ഹൈക്കോടതി സർക്കാരിന്റെ ഈ വാദം അംഗീകരിക്കുകയും, 15-9-2004-ൽ പുറപ്പെടുവിച്ച സിംഗിൾ ബഞ്ച് വിധിക്കെതിരെ 2004 ഡിസംബർ 2-ാം തീയതി പുറപ്പെടുവിച്ച ഡിവിഷൻ ബഞ്ച് വിധിയിൽ നിലവിലുള്ള റേറ്റ് കോൺട്രാക്ട് 31-3-2005 വരെ തുടരുവാനും 1-4-2005 മുതൽ പുതിയ കമ്പനികളെകൂടെ ചേർത്തു കൊണ്ട് മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുവാനും ഉത്തരവായിട്ടുണ്ട്. അതനുസരിച്ച് 1-4-2005 മുതൽ സർക്കാർ പുറപ്പെടുവിച്ച പുതിയ മരുന്ന് വാങ്ങൽ നയപ്രകാരം മരുന്നുകളും മറ്റ് അനുബന്ധ സാമഗ്രികളും വാങ്ങുന്നതിനുള്ള നടപടികൾ ഇതിനകം സ്വീകരിച്ചിട്ടുണ്ട്.

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ്

* 18 [18] ശ്രീമതി പി. കെ. ശ്രീമതി ടീച്ചർ:

ശ്രീ. കെ. വി. കുഞ്ഞിരാമൻ:

ശ്രീമതി ഗിരിജാ സുരേന്ദ്രൻ:

ശ്രീ. വി. ചെന്താമരാക്ഷൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് നടത്തുന്നത് സംബന്ധിച്ച് തീരുമാനം എടുത്തിട്ടുണ്ടോ; എങ്കിൽ എന്നു നടത്താനാണ്; വിശദാംശം വെളിപ്പെടുത്തുമോ;

(ബി) തെരഞ്ഞെടുപ്പിനു മുന്നോടിയായി പഞ്ചായത്തുകൾ വിഭജിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) പഞ്ചായത്തുകളുടെ രൂപീകരണത്തെക്കുറിച്ചും വാർഡ് വിഭജനത്തെക്കുറിച്ചും തെരഞ്ഞെടുപ്പ് കമ്മീഷന്റെ ശുപാർശ സർക്കാർ അംഗീകരിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

LIBRARY ARCHIVES Kerala Legislative Assembly

തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കുട്ടി അഹമ്മദ്കുട്ടി):

(എ) ഉണ്ട്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പ് 2005 സെപ്തംബറിൽ നടത്താനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

(ബി) ഉണ്ട്.

(സി) ഭാഗികമായി അംഗീകരിച്ചിട്ടുണ്ട്.

(ഡി) 50,000-ത്തിൽ കൂടുതൽ ജനസംഖ്യ ഉള്ളതും 30 സ്ക്വയർ കിലോ മീറ്ററിനുമേൽ വിസ്തൃതി ഉള്ളതുമായ താഴെ കൊടുത്തിരിക്കുന്ന 9 പഞ്ചായത്തുകളെ വിഭജിക്കുന്ന കാര്യം സർക്കാർ പരിഗണിച്ചു വരുന്നു:

	പഞ്ചായത്തുകളുടെ പേര്	*ജില്ല*
1.	ചാത്തന്നൂർ	കൊല്ലം
2.	കടയ്ക്കൽ	,,
3.	തൃക്കോവിൽ വട്ടം	,,
4.	മുണ്ടക്കയം	കോട്ടയം
5.	മൂന്നാർ	ഇടുക്കി
6.	മണ്ണാർക്കാട്	പാലക്കാട്
7.	തവന്നൂർ	മലപ്പുറം
8.	ചീക്കോട്	,,
9.	താമരശ്ശേരി	കോഴിക്കോട്

വാർഡ് ഡീലിമിറ്റേഷനുവേണ്ടി വാർഡ് ഡീലിമിറ്റേഷൻ കമ്മീഷൻ രൂപീകരിക്കുകയും ചെയ്തിട്ടുണ്ട്.

ഇൻഫർമേഷൻ കേരള മിഷൻ ഏറ്റെടുത്തിട്ടുള്ള പദ്ധതികൾ

* 19 [19] ശ്രീ. കെ. പി. സതീശ്ചന്ദ്രൻ:

,, എ. സി. മൊയ്തീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇൻഫർമേഷൻ കേരള മിഷൻ ഏറ്റെടുത്തിട്ടുള്ള പദ്ധതികളുടെ നടത്തിപ്പിനെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ;

(ബി) പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന കമ്പ്യൂട്ടർ ശൃംഖല ഏർപ്പെടുത്താനുള്ള പദ്ധതി എന്നാണ് ആരംഭിച്ചത്;

LIBRARY ARCHIVES Kerala Legislative Assembly